പാഠം 19

# യേശുവിന്റെ പ്രത്യക്ഷത

**വേദഭാഗം** : യോഹ. 21: 12–24 ,മത്താ., 28: 16–20, മർക്കൊ., 16: 14–18


**തങ്കവാക്യം** : മർക്കോ. 16: 15–16

*പിന്നെ അവൻ അവരോട്; നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ, വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.*

**പാഠം**

**തിബെര്യോസ് കടൽക്കരയിൽ**

യേശു തന്റെ പ്രിയശിഷ്യന്മാർക്ക് യെരുശലേമിൽ മർക്കോസിന്റെ മാളികമുറിയിൽ രണ്ടു പ്രാവശ്യം പ്രത്യക്ഷനായി താൻ വാസ്തവമായി ഉയർത്തെഴുന്നേറ്റു എന്ന് അവരെ ബോധ്യപ്പെടുത്തി എന്ന് നാം പഠിച്ചുവല്ലോ? ഏകദേശം രണ്ടാഴ്ച്ചയ്ക്കു ശേഷം ശീമോൻ പത്രൊസ്, തോമസ്, നഥനിയേൽ, യാക്കോബ്, യോഹന്നാൻ, എന്നിവർ ഉൾപ്പെടെ യേശുവിന്റെ ഏഴു ശിഷ്യന്മാർ ഒരുമിച്ചു കൂടിയിരുന്നു. അപ്പോൾ പത്രൊസ് തന്റെ സ്നേഹിതന്മാരോട് ഞാൻ മീൻ പിടിക്കുവാൻ പോകുന്നു എന്നു പറഞ്ഞു. പത്രൊസും മറ്റും യേശുവിനെ അനുഗമിക്കുന്നതിനു മുമ്പ് മീൻപിടുത്തക്കാർ ആയിരുന്നുവല്ലോ? യേശു തങ്ങളിൽ നിന്നും വേർപ്പെട്ടു പോയതിൽ ഉള്ള നിരാശകൊണ്ടായിരിക്കാം ഇങ്ങനെ നിശ്ചയിച്ച




Lesson 19

# RESURRECTION APPEARANCE OF JESUS

**Scripture** : John 21:12-24
Matthew 28:16-20
Mark 16:14-18

**Memory Verse** : Mark 16:15-16

*He said to them, "Go into all the world and preach the gospel to all creation. Whoever believes and is baptized will be saved, but whoever does not believe will be condemned.*

**Lesson**

Jesus appeared twice to His dear disciples after His resurrection, at the upper room of Mark. Around two weeks later, seven disciples including Peter, Thomas, Nathanael, James, John were gathered together. Peter told the other disciples that he is going for fishing. We know that Peter and some of the other disciples were fishermen before following Jesus. They might have decided to go for fishing because they were sad that Jesus had left them. They all went to the Sea of Galilee. They arranged their boats and nets and began fishing around evening but that night they caught nothing.

Early in the morning, Jesus stood on the

ത്. എല്ലാവരും കൂടി തിബെര്യോസ് കടൽക്കരയിലേക്കുപോയി. പടകും വലയും എല്ലാം ക്രമീകരിച്ച് സന്ധ്യയോടുകൂടി മീൻപിടുത്തം ആരംഭിച്ചു. പക്ഷേ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. പുലർച്ചെ ആയപ്പോൾ യേശു കരയിൽ നിന്നുകൊണ്ട് കുഞ്ഞുങ്ങളെ കൂട്ടുവാൻ വല്ലതുമുണ്ടോ എന്നു ചോദിച്ചു. അതു യേശുവാണെന്ന് അവർ മനസ്സിലാക്കാതെ ഇല്ല എന്ന് മറുപടി പറഞ്ഞു. പടകിന്റെ വലതുഭാഗത്ത് വല വീശുവിൻ, എന്നാൽ നിങ്ങൾക്കു കിട്ടും. എന്ന് അവൻ അവരോട് പറഞ്ഞു. അവർ വീശി വളരെയധികം മീൻ വലയിൽപ്പെട്ടതുകൊണ്ട്, അത് വലിച്ചു കയറ്റുവാൻ അവർക്കു കഴിഞ്ഞില്ല. യേശുവിന്റെ പ്രിയശിഷ്യനായ യോഹന്നാൻ പത്രൊസിനോട് : അതു കർത്താവാകുന്നു എന്നു പറഞ്ഞു. ഉടനെ പത്രൊസ് അങ്കി അരയിൽ ചുറ്റി കടലിലേക്കു ചാടി. എല്ലാവരും കൂടി വളരെ ബദ്ധപ്പെട്ട് വല വലിച്ചുകൊണ്ട് കരയിൽ എത്തി. അവർ കരയിൽ എത്തിയപ്പോൾ തീക്കനലും അതിന്മേൽ മീനും അപ്പവും വച്ചിരിക്കുന്നത് ക ണ്ടു. ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടുവരുവിൻ എന്ന് യേശു പറഞ്ഞു. 153 വലിയ മീൻ നിറഞ്ഞ വല അവൻ കരയ്ക്കുവലിച്ചു കയറ്റി. അത്ര വളരെ ഉണ്ടായിരുന്നിട്ടും വല കീറിയില്ല. അതിനുശേഷം യേശു അവരോട് വന്ന് പ്രാതൽ (ഭക്ഷണം) കഴിച്ചുകൊൾവീൻ എന്നു പറഞ്ഞു. യേശു അപ്പവും മീനും എടുത്ത് അവർക്കുകൊടുത്തു. അവർ സന്തോഷത്തോടെ ഭക്ഷണം കഴിച്ചു.

യേശു ഗലീലയിലെ മലമുകളിൽ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി അന്ത്യ നിയോഗങ്ങൾ നൽകുന്നതായി മത്തായിയുടെ സുവിശേഷം 28: 16-20 വാക്യങ്ങളിൽ നാം വായിക്കുന്നു. മർക്കോസ് 16:14-18 ൽ കാണുന്ന നിയോഗങ്ങൾ നൽകിയതും അപ്പോഴായിരുന്നിരിക്കണം. യേശു മുൻകൂട്ടി കല്പിച്ചിരുന്നതിനനുസരിച്ചാണ് ശിഷ്യന്മാർ ഗലീലയിലെ മലയിൽ കൂടിയത്. യേശുവിനെ കണ്ടപ്പോൾ അവർ നമസ്ക്കരിച്ചു. ചിലരോ സംശയിച്ചു. യേശു അടുത്ത് ചെന്ന് എന്താണ് പറഞ്ഞത് എന്നു നോക്കുക. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവി

shore, but the disciples did not realize that it was Jesus. He called out to them, ”Friends, haven’t you any fish?” “No,” they answered. He said, ”Throw your net on the right side of the boat and you will find some.” When they did, they were unable to haul the net in because of the large number of fish. Then the disciple whom Jesus loved said to Peter, “It is the Lord!” As soon as Simon Peter heard him say, “It is the Lord,” he wrapped his outer garment around him and jumped into the water. The other disciples followed in the boat, towing the net full of fish, for they were not far from shore, about a hundred yards. When they landed, they saw a fire of burning coals there with fish on it, and some bread. Jesus said to them, ”Bring some of the fish you have just caught.” So Simon Peter climbed back into the boat and dragged the net ashore. It was full of large fish, 153, but even with so many the net was not torn. Jesus said to them, ”Come and have breakfast.” None of the disciples dared ask him, “Who are you?” They knew it was the Lord. Jesus came, took the bread and gave it to them, and did the same with the fish. They all ate the food with joy.

Matthew 28:16-20 gives an account of the final instructions that Jesus gave His disciples on the hills of Galilee. The instructions in Mark 16:14-18 might have been given at the same time. The disciples gathered together on the mountain in Galilee as Jesus had instructed them earlier. When they saw him, they worshipped him; but some doubted. Then Jesus came to them and said, ”All authority in heaven and on earth has been given to me. Therefore go and make disciples of all nations, baptizing them in the name of the Father and of the Son and of the Holy Spirit, and teaching them to obey

ന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളെയും ശിഷ്യരാക്കി കൊൾവീൻ. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്. ഇംഗ്ലീഷിൽ 19-ാംവാക്യം ആരംഭിക്കുന്നത് (Go, ye therefore and teach all nations) എന്നാണ്. അതിന്റെ അർത്ഥം അതിനാൽ നിങ്ങൾ പുറപ്പെട്ട് സകലജാതികളെയും പഠിപ്പിക്കുവീൻ എന്നത്രെ. മർക്കോസ് 16: 15ലും ഇതേ അർത്ഥം വരുന്ന നിയോഗം കർത്താവ് ശിഷ്യന്മാർക്കു നൽകുന്നതായി കാണാം. ദൈവം തന്റെ മക്കൾക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന എല്ലാ കൃപാവരങ്ങളും പ്രാപിച്ച് അനുഗ്രഹീതമായ ക്രിസ്തീയ ജീവിതം നയിക്കണം. അതിനായി നമുക്ക് ദൈവ സന്നിധിയിൽ നമ്മെ സമർപ്പിക്കാം.

everything I have commanded you. And surely I am with you always, to the very end of the age." Jesus gives the same commission to his disciples in Mark 16:15. We should lead blessed Christian lives having received the gifts of the Holy Spirit that Jesus had promised us. Let us submit ourselves in God's hands.

## പ്രവൃത്തി പരിചയം / WORK EXPERIENCE

### I. വിദ്യാർത്ഥികളുമായി ചർച്ച ചെയ്യുക. Discuss with the students

1. കടൽക്കരയിൽ പ്രത്യക്ഷനായ യേശു ശിഷ്യന്മാരോട് ആദ്യം ചോദിച്ചത് എന്ത്? അതിന് അവർ നൽകിയ മറുപടി എന്ത്? What Jesus asked first to the disciples when he appeared in Tiberias beach? What was the disciples' reply?

______________________________

______________________________

2. യേശുവിനെ ഒന്നാമത് തിരിച്ചറിഞ്ഞതാരാണ്? Who recognized Jesus first?

______________________________

3. കരയ്ക്കിറങ്ങിയപ്പോൾ ശിഷ്യന്മാർ കണ്ടതെന്ത്? When the disciple reached ashore what they saw?

______________________________

4. യേശു പത്രോസിനോട് തന്റെ സ്നേഹത്തെ സംബന്ധിച്ച് എത്ര പ്രാവശ്യം ചോദിച്ചു. അതിൽ ആദ്യത്തെ ചോദ്യം എന്തായിരുന്നു? അതിനു പത്രോസ് എന്തു മറുപടിയാണ് നൽകിയത്? How many times Jesus asked Peter about the love? What was Peter's reply?

______________________________

______________________________

5. യേശുവിനെ സ്നേഹിക്കുന്നവർ എന്തു ചെയ്യണം.? What we must do when we love Jesus?

______________________________

______________________________

**II** മീൻ പിടിക്കുവാൻ പോയ അഞ്ചു ശിഷ്യന്മാരുടെ പേരുകൾ എഴുതി ചിത്രത്തിനു നിറം കൊടുക്കുക. Write the names of the five disciples who went fishing and colour the picture.

